പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5457 — 27-03-2018-ലെ മറുപടിയ്ക്ക്

**കാർഷിക മേഖലയിൽ അനുവദിക്കുന്ന തുക യഥാർത്ഥ കർഷകന് ലഭ്യമാക്കാനും ജല ദൗർലഭ്യം പരിഹരിക്കാനും നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കടുത്ത വേനലും മഴക്കുറവും കാരണം കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന ജലദൗർലഭ്യവും തൻമൂലമുള്ള കൃഷിനാശവും കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>**ബി)** എങ്കിൽ കൃഷിക്കാവശ്യമായ ജലവും ഇതര സഹായങ്ങളും ഉറപ്പ് വരുത്തി കാർഷിക മേഖലയെ നിലനിർത്താനായി കൃഷി വകുപ്പ് നല്കി വരുന്ന സഹായങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | **(എ) & (ബി)** ഉണ്ട്.ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. തണ്ണീർതടങ്ങളെ നാശോന്മുഖമാക്കാതെ നില നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും, മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>നെൽകർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വിവിധ പദ്ധതികളുടെ ഭാഗമായി തോടുകൾ, കുളം എന്നിവയുടെ നവീകരണം, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചന മാർഗ്ഗങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു. ദീർഘമായ വിളകളിൽ ജൈവ പുതയിടൽ, ചകിരി അടുക്കൽ, തടിയിൽ കുമ്മായം പൂശൽ എന്നിവ അവലംബിക്കുവാൻ നിർദേശം നൽകി. ജലലഭ്യത കുറഞ്ഞ പ്രദേശങ്ങളിൽ പയർ, ഉഴുന്ന്, മുതിര, |

എള്ള് മുതലായ പയറു വർഗ്ഗങ്ങൾ കൃഷി ചെയ്യാൻ നിർദേശം നൽകി.

വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജികളായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വരൾച്ചമൂലം കൂടുതൽ കൃഷി നാശം ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനായി ജനപ്രതിനിധികളുടേയും കർഷകരുടേയും കുടുംബശ്രീ പ്രവർത്തകരുടേയും സഹായം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** കൃഷിവകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ബന്ധമുണ്ടാക്കി കർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളും വ്യാജ നടപടികളിലൂടെ കൈവശപ്പെടുത്തുന്നതും അതുവഴി കാർഷിക വികസനത്തിനായി സർക്കാർ നടത്തുന്ന ഇടപെടലുകളുടെ ഫലപ്രാപ്തി ഇല്ലാതാക്കുന്നതുമായ പ്രവർത്തനങ്ങൾ കാലാ കാലങ്ങളായി നടന്നു വരുന്നത് ഈ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** കർഷകർക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യം അതാത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്ന E-payment സംവിധാനം 2011-2012 മുതൽ കൃഷി വകുപ്പിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇതുവഴി കർഷകരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും അവർക്കു തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കിവരുന്നു.

**(ഡി)** ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനും കാർഷിക മേഖലയിൽ അനുവദിക്കുന്ന തുക യഥാർത്ഥ കർഷകന് ലഭ്യമാക്കാനുമായി മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ കൃഷി വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**(ഡി)** ഇക്കാര്യം കൂടുതൽ സുതാര്യമാക്കുന്നതിനും അത് ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവർക്ക് പരിശോധിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് സംവിധാനം കൃഷി വകുപ്പിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. ഇതിന്റെ ഭാഗമായി ഈ വർഷം എല്ലാ വാർഡുകളിലും വാർഡ്തല കർഷകസഭകൾ വിളിച്ചുചേർത്ത് കൃഷി വകുപ്പിലെ പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുവാനും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും അവസരമുണ്ടാകും.

**സെക്ഷൻ ഓഫീസർ**